സമകാലപ്രസക്തി ഇതാണ്. ഈ പഠനത്തിൽ പല പ്രദർശകസേവനം അനുഷ്ഠിച്ച ഏഷ്യാററിക് സൊസൈററിയെ പുനരുജ്ജീവിപ്പിച്ച് പഴയ മഹിമയിലേക്ക് ഉയർത്തുവാൻ സ്വതന്ത്രഭാരതം ആത്മാർത്ഥമായ പരിശ്രമം നടത്തുകതന്നെവേണം.

(19 ജനുവരി, 1984)

# 72. ഡെപ്പോസിററ് ലൈബ്രറികൾ

വിജ്ഞാനത്തിന്റെ സംഭരണത്തിനും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള മുഖ്യ ഉപാധികളാണു പുസ്തകങ്ങൾ. മനുഷ്യചരിത്രത്തിൽ ആയിരത്താണ്ടുകളായി ഇതാണു നില; ഇനിയും ആയിരത്താണ്ടുകളോളം ഈ നില തുടരുമെന്നാണു വിശ്വസിക്കേണ്ടതു്. പുസ്തകങ്ങളുടെ ബാഹ്യാകൃതിക്കു മാററമുണ്ടാകാം; തോൽച്ചുരുളുകളിൽനിന്നും പനയോലകളിൽനിന്നും കടലാസിലേക്കു മാറിയപ്പോൾ സംഭവിച്ചതുപോലെ. എങ്കിലും പുസ്തകം മനുഷ്യജീവിതത്തിൽ തികച്ചും അപ്രസക്തമായിത്തീരുമെന്ന് ഇന്ന് ഒരു ഫ്യൂച്ചറോളജിസ്റ്റും (ഭവിഷ്യവിജ്ഞാനിയും) കരുതുന്നില്ല.

എല്ലാ പുസ്തകങ്ങളും വായിക്കാനുള്ളവയാണ്; ഓരോ പുസ്തകത്തിനുമുണ്ട് അതിന്റേതായ വായനക്കാർ. അതിനാൽ, ലോകത്തിൽ ഇന്നോളം ഉണ്ടായ എല്ലാ പുസ്തകങ്ങളുടെയും വിവരം കാററലോഗുകളിലൂടെ ആവശ്യക്കാർക്കു ലഭ്യമാക്കണം; നിലവിലുള്ള എല്ലാ പുസ്തകങ്ങളും എവിടെയെങ്കിലുമൊരിടത്ത്, ആവശ്യക്കാർക്കു കിട്ടുമാറ്, സംരക്ഷിക്കുകയും വേണം. ഇതിനുള്ള ആദ്യപടിയാണ് ഓരോ രാജ്യത്തും നിർമിക്കപ്പെടുന്ന പുസ്തകങ്ങൾ അതാതു രാജ്യത്തു സ്ഥിരമായി സൂക്ഷിക്കാൻ ഉതകുന്ന ഡെപ്പോസിററ് ലൈബ്രറികൾ ഉണ്ടാക്കുകയെന്നതു്.

ഇന്ത്യയിൽ ഇതിനുള്ള സംവിധാനം ആദ്യമായി ഏർപ്പെടുത്തിയതു് 1867–ൽ ആണ്. ബ്രിട്ടീഷ് ഇന്ത്യയിലെ അച്ചുക്കൂടങ്ങളും പത്രങ്ങളും രജിസ്റ്റർചെയ്യുന്നതിനും ബ്രിട്ടീഷ് ഇന്ത്യയിൽ അച്ചടിക്കുന്ന പുസ്തകങ്ങൾ രജിസ്റ്റർചെയ്തു സൂക്ഷിക്കുന്നതിനും, ഉദ്ദേശിച്ചുള്ള 'പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട്' എന്ന നിയമം ആ വർഷം നടപ്പിലായി. ഇതനുസരിച്ച്, ബ്രിട്ടീഷ് ഇന്ത്യയിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ഒരു നിശ്ചിതസംഖ്യ പ്രതികൾ ഗവണ്മെൻറ് നിർദേശിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കുവാനുള്ള നിയമബാദ്ധ്യത ബ്രിട്ടീഷ് ഇന്ത്യയിലെ അച്ചുക്കൂടങ്ങളുടെ ഉടമകൾക്കു വന്നുചേർന്നു. ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങൾ സംഭരിച്ചിരുന്നതു് ലണ്ടനിൽ ഉള്ള ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലും ഇന്ത്യാ ഓഫീസ് ലൈബ്രറിയിലും ആണ്. ഗവേഷണത്തിനുവേണ്ടി ഇന്ത്യക്കാരിൽ പലരും ഇപ്പോഴും ലണ്ടനിലേക്കു പോകുന്നതിന്റെ അടിസ്ഥാനകാരണം ഇതാണ്. കൽക്കട്ടയിൽ ഇമ്പീരിയൽ ലൈബ്രറി (പിന്നീട് ഇതു് നാഷണൽ ലൈബ്രറി ആയി) സ്ഥാപിക്കപ്പെട്ടപ്പോഴും ഇന്ത്യയിൽ അടിക്കുന്ന പുസ്തകങ്ങൾ സൂക്ഷിക്കാൻ ലണ്ടനിലേക്ക് അയയ്ക്കുന്ന പതിവു തുടർന്നു. രജിസ്ട്രേഷൻ ആക്ട് ബ്രിട്ടീഷ് ഇന്ത്യക്കു മാത്രമേ ബാധകമായിരുന്നുള്ളു. അതിനാൽ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ അച്ചടിച്ചിരുന്ന പുസ്തകങ്ങൾ സംഭരിക്കാനോ, അവയുടെ കാററലോഗുകൾ ഉണ്ടാക്കാനോ ഒരു ശ്രമവും നടന്നില്ല.

സ്വതന്ത്രഭാരതം ഈ നിലയ്ക്കൊരു മാററം 1954–ൽ വരുത്തി. ആ ആണ്ടിൽ പ്രാബല്യത്തിൽ വന്ന ഡെലിവറി ഓഫ് ബുക്സ് (പബ്ലിക്

ലൈബ്രറീസ്) ആക്ട് പ്രകാരം ഇന്ത്യയിൽ അച്ചടിക്കുന്ന ഓരോ പുസ്തകത്തിന്റെയും പ്രതികൾ കൽക്കട്ടയിലെ നാഷണൽ ലൈബ്രറി, മദ്രാസിലെ കണ്ണിമാറ പബ്ലിക് ലൈബ്രറി, ബോംബെയിലെ ടൗൺ ഹാൾ പബ്ലിക് ലൈബ്രറി എന്നിവയ്ക്ക് അയച്ചുകൊടുക്കേണ്ടതു് അച്ചുകൂടക്കാരുടെ നിയമബാദ്ധ്യതയായിത്തീർന്നു. 1956—ൽ ഈ നിയമത്തിൽ വരുത്തിയ ഒരു ഭേദഗതിപ്രകാരം പുസ്തകങ്ങൾക്കു പുറമെ ആനുകാലികങ്ങളും ഈ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കണമെന്ന് പാർലമെന്റ് വ്യവസ്ഥചെയ്തു. ഡൽഹിയിലെ പബ്ലിക് ലൈബ്രറി കൂടി, മററു മൂന്നു ലൈബ്രറികളോടൊപ്പം ഒരു 'ഡെപ്പോസിററ് ലൈബ്രറി' ആയി 1982—ൽ പ്രഖ്യാപിക്കപ്പെട്ടു.

അച്ചുകൂടക്കാർ വില വാങ്ങാതെ നൽകുന്ന നാലു പ്രതികൾ ഉപയോഗിച്ച്, ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമുള്ള നാലു കേന്ദ്രങ്ങളിൽ, ഇന്ത്യയിൽ അച്ചടിക്കുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും ശേഖരിച്ച് എന്നന്നേക്കുമായി സൂക്ഷിക്കുകയും അവ ആവശ്യക്കാർക്കു ലഭ്യമാക്കുകയുംചെയ്യുന്ന നാലു ഡെപ്പോസിററ് ലൈബ്രറികൾ വളർത്തിക്കൊണ്ടുവരിക എന്നതാണ് 1954—ലെ 'ഡെലിവറി ഓഫ് ബുക്സ് ആക്ടി'ന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ, ഈ ലക്ഷ്യം സാക്ഷാല്ക്കരിക്കുന്നതിന് ആവശ്യമായ പ്രായോഗികനടപടികൾ പിന്നീട് ഇന്ത്യാ ഗവണ്മെൻറ് കൈക്കൊള്ളുകയുണ്ടായില്ല. ഡെലിവറി ഓഫ് ബുക്സ് ആക്ട് പ്രകാരം അച്ചുകൂടക്കാർ സൗജന്യമായി നൽകുന്ന പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനു കുറേയെങ്കിലും പ്രയത്നം നടന്നിട്ടുള്ളതു് കൽക്കട്ടയിലെ നാഷണൽ ലൈബ്രറിയിൽ മാത്രമാണ്. കൽക്കട്ടയിലെ നാഷണൽ ലൈബ്രറി ഒരു 'കേന്ദ്ര റഫറൻസ് ലൈബ്രറി'യായി 1955—ൽ പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും വിവരങ്ങളടങ്ങുന്ന 'ഇന്ത്യൻ നാഷണൽ ബിബ്ലിയോഗ്രാഫി' തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള ശ്രമങ്ങളും ഇവിടെ ആരംഭിച്ചു. ബിബ്ലിയോഗ്രാഫിയുടെ കാര്യത്തിൽ പ്രസ്താവാർഹമായ നേട്ടം ഇന്നോളം ഉണ്ടായിട്ടുള്ളതു് മലയാളത്തിൽ മാത്രമാണെന്നു കൂട്ടത്തിൽ പറഞ്ഞുവെക്കട്ടെ. കേരള സാഹിത്യ അക്കാദമിയും കേരളത്തിലെ വിദ്യാഭ്യാസവകുപ്പും നാഷണൽ ലൈബ്രറിയുമായി സഹകരിച്ചതിന്റെ ഫലമായും, നാഷണൽ ലൈബ്രറിയിലെ മലയാളം എഡിററർ ശ്രീ കെ. എം. ഗോപിയുടെ അർപ്പണബോധത്തോടെയുള്ള സ്ഥിരപരിശ്രമത്തിൻ ഫലമായും ഏറെക്കുറെ സമ്പൂർണമായ ഒരു മലയാള ബിബ്ലിയോഗ്രാഫി നമുക്കു കൈവന്നിട്ടുണ്ട്. മററു ഭാഷകളിൽ ഇത്തരം ബിബ്ലിയോഗ്രാഫികൾ എന്നു പ്രസിദ്ധീകരിക്കപ്പെടുമെന്ന് ഇന്നത്തെ നിലവെച്ചു പ്രവചിക്കുക പ്രയാസമാകുന്നു.

ഡെലിവറി ഓഫ് ബുക്സ് ആക്ട് അനുസരിച്ചു കിട്ടുന്ന പുസ്തകങ്ങൾ തരംതിരിച്ചു സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ നാലു് ഡെപ്പോസിററ് ലൈബ്രറികളിലുമില്ലെന്ന് അധികം താമസിയാതെ വ്യക്തമായി. പുസ്തകങ്ങളും ആനുകാലികങ്ങളും പൊടി മൂടിയ മുറികളിൽ കുന്നുകൂടിക്കിടക്കുകയാണെന്നും, 'അവയിൽ പലതിന്റെയും കെട്ടുകൾ പൊട്ടിച്ചിട്ടുപോലുമില്ലെ'ന്നും, മദ്രാസിലെയും ബോംബെയിലെയും ഡെപ്പോസിററ് ലൈബ്രറികൾ 1959—ൽ സന്ദർശിച്ച 'പബ്ലിക് ലൈബ്രറി ഉപദേശകസമിതി' രേഖപ്പെടുത്തി. അതിനാൽ, കൽക്കട്ടയിൽ ഒരു നാഷണൽ ലൈബ്രറി മാത്രം മതിയെന്നും, മററു കേന്ദ്രങ്ങളിൽ പുസ്തകങ്ങൾ ചുമ്മാ കെട്ടിവെച്ചാൽ മതിയെന്നും ഈ സമിതി ശുപാർശചെയ്തു! ഡെലിവറി ഓഫ് ബുക്സ് ആക്ട് നിരുദ്ദേശമായ ഒരു ഏർപ്പാടായി മാററുകയും, പുസ്തകപ്രകാശകരുടെമേൽ അനാവശ്യമായ ഒരു നികുതി

പിരിവു മാത്രമായി ഈ നിയമത്തെ അധഃപതിപ്പിക്കുകയുമായിരുന്നു ഈ ശുപാർശയുടെ ഫലം. ഭാഗ്യവശാൽ കേന്ദ്രഗവണ്മെൻറ് ഈ ശുപാർശ അംഗീകരിച്ചില്ല. അതേസമയം, നാലു കേന്ദ്രലൈബ്രറികൾ, ഇന്ത്യയുടെ നാലു ഭാഗങ്ങളിൽ, വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ഗവണ്മെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായില്ല.

ഇപ്പോൾ ഡെലിവറി ഓഫ് ബുക്സ് ആക്ട് എന്നൊരു നിയമം നിലവിലുള്ള കഥതന്നെ മിക്ക പുസ്തകപ്രകാശകർക്കും അറിഞ്ഞുകൂടാ. ഇതിനർത്ഥം നാലു കേന്ദ്രലൈബ്രറികളിലും, ഇന്ത്യയിലച്ചടിക്കുന്ന മിക്ക പുസ്തകങ്ങളുടെയും കോപ്പികൾ കിട്ടുന്നില്ലെന്നാണ്. കിട്ടിയ പുസ്തകങ്ങൾ എന്തെല്ലാമെന്നു കെട്ടഴിച്ചു നോക്കാൻ മിനക്കെടാത്തവരുണ്ടോ, നിയമം യഥാവിധി പാലിക്കപ്പെടുന്നുവോ എന്ന് അന്വേഷിക്കുന്നു? അയച്ചുകിട്ടുന്ന ആനുകാലികങ്ങൾ റദ്ദിക്കടലാസുവിലയ്ക്ക് തൂക്കി വില്ക്കുകയാണ് ഈ ലൈബ്രറികളിൽ ചെയ്തുവരുന്നത്. മദ്രാസിലെ കണ്ണിമാറ ഡെപ്പോസിററ് ലൈബ്രറിയിൽ 'മലയാളമനോരമ' മുതലായ മലയാളപത്രങ്ങളുടെയോ, 'സ്വദേശമിത്രൻ'പോലുള്ള തമിഴ്പത്രങ്ങളുടെയോ 'ആന്ധ്രപ്രഭ'പോലുള്ള തെലുങ്കുപത്രങ്ങളുടെയോ പ്രതികൾ പോലും സൂക്ഷിച്ചിട്ടില്ല. ഈ ലൈബ്രറിയിൽ ഏതെല്ലാം പുസ്തകങ്ങൾ കിട്ടിവരുന്നുണ്ടെന്ന് അറിയാനും പ്രയാസമാണ്. കാരണം, വർഷാന്തറിപ്പോർട്ടുകൾ ഈ ലൈബ്രറി പ്രസിദ്ധീകരിക്കുന്നില്ല. മററു മൂന്നു കേന്ദ്രലൈബ്രറികളുടെ നിലയും ഏറെക്കുറെ ഇതുതന്നെ.

അല്പമൊരു വ്യത്യാസമുണ്ടായിരുന്നത് കൽക്കട്ടയിലെ നാഷണൽ ലൈബ്രറിയിലാണ് എന്നു പറഞ്ഞുവല്ലോ. ഇവിടെ ഇന്ത്യയിലെ ഓരോ ഭാഷയ്ക്കും പ്രത്യേകം സെക്ഷനുകൾ രൂപവല്ക്കരിക്കപ്പെട്ടു. ആവശ്യത്തിനു കെട്ടിടങ്ങളും നിർമിക്കപ്പെട്ടു. ശരിയായ അർത്ഥത്തിലുള്ള ഒരു ദേശീയ ലൈബ്രറി കൽക്കട്ടയിൽ രൂപംകൊണ്ടുവരുന്നതായി 1960–കളിൽ തോന്നിയിരുന്നു. എന്നാൽ, സ്ഥിതിഗതികൾ കല്ക്കട്ടയിലും ക്രമേണ അധഃപതിച്ചു. ഫണ്ടുകളുടെ അപര്യാപ്തത, സ്റ്റാഫിനിടയിലുള്ള മത്സരം, അലസതയ്ക്കു നൽകപ്പെട്ട ആദരം, സ്ഥലക്കുറവ്, നേതൃത്വത്തിൻെറ കഴിവുകേട്, ഇന്ത്യൻ ഭാഷാവിഭാഗങ്ങളിൽ വേണ്ടത്ര പ്രവർത്തകരില്ലായ്മ മുതലായ കാരണങ്ങളാൽ കൽക്കട്ട നാഷണൽ ലൈബ്രറിയിലെ മറാഠി, ഹിന്ദി, കന്നഡം, തമിഴ്, തെലുങ്ക് എന്നീ വിഭാഗങ്ങൾ തീരെ ശോഷിച്ചുപോയി. ഇപ്പോൾ പല ഇന്ത്യൻ ഭാഷകളിലെയും പുസ്തകങ്ങൾ ഇവിടെ ഒരു തുറന്ന ബാൽക്കണിയിൽ അട്ടിയിട്ടിരിക്കുകയാണ്. അവ അവിടെ പൊടിപിടിച്ചു നശിക്കുന്നു. പുതിയ പുസ്തകങ്ങൾ കിട്ടാതായിട്ടുണ്ട്; വർഷാന്തറിപ്പോർട്ടുകൾ ഈ ലൈബ്രറിയും പ്രസിദ്ധീകരിക്കാത്തതിനാൽ ഏതെല്ലാം പുസ്തകങ്ങൾ കിട്ടുന്നു എന്നറിയാനും സാദ്ധ്യമല്ല.

ചുരുക്കത്തിൽ 1954–ലെ ഡെലിവറി ഓഫ് ബുക്സ് ആക്ട് ഒരു മൃതരേഖയായി മാറിക്കഴിഞ്ഞിരിക്കുന്നു. 1971–80 കാലത്ത് അച്ചടിച്ച മലയാളപുസ്തകങ്ങളിൽ 1600 എണ്ണമെങ്കിലും കൽക്കട്ട നാഷണൽ ലൈബ്രറിയിൽ കിട്ടിയിട്ടില്ലെന്ന് ശ്രീ കെ. എം. ഗോപി രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ കിട്ടിയ ഇന്ത്യൻ ഭാഷാ പുസ്തകങ്ങളിൽ 35,000 എണ്ണമെങ്കിലും കാററലോഗുകളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഇപ്പോഴും ഇംഗ്ലീഷ് പുസ്തകങ്ങൾക്കാണ് ഈ നാഷണൽ ലൈബ്രറിയിൽ പ്രഥമ പരിഗണന. സൂക്ഷിച്ചുവച്ചിട്ടുള്ള പുസ്തകങ്ങൾതന്നെ പൊടിപിടിച്ചും വെയിൽകൊണ്ടു മഞ്ഞച്ചും നശിച്ചുപോകുന്നു. ഗവേഷണവിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാൻ സാദ്ധ്യതയില്ലാത്ത വിധത്തിലാണ് ഇവിടെ ഇപ്പോൾ ഉള്ള സംവിധാനം. മററു മൂന്നു കേന്ദ്രലൈബ്ര

റികളുടെ കാര്യം പറയുകയും വേണ്ട. കാരണം, റഫറൻസ് ലൈബ്രറികളായി ഇവയെ ഉയർത്തുന്നതിനുള്ള ഒരു ശ്രമവും ഇതുവരെ നടന്നിട്ടില്ല.

ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരം അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. എല്ലാ ഇന്ത്യൻ ഭാഷകളിലെയും എല്ലാ പുസ്തകങ്ങളും ഒരൊററ സ്ഥലത്ത് സംഭരിക്കുകയെന്ന ലക്ഷ്യം ഒരുപക്ഷേ, അപ്രാപ്യമാവാം. അതിനാൽ, അതാതു ഭാഷകളിലെ പുസ്തകങ്ങൾ അതാതു സ്റ്റേററിലെ ഒരു ഡെപ്പോസിററ് ലൈബ്രറിയിൽ ശേഖരിച്ചു സംരക്ഷിച്ച്, ആവശ്യക്കാർക്കു ലഭ്യമാകുന്നതിനു സാധിക്കംവിധത്തിൽ ഡെലിവറി ഓഫ് ബുക്കു് ആക്ടിൽ ആവശ്യമായ മാററം വരുത്തേണ്ടിയിരിക്കുന്നു.

ഉദാഹരണത്തിനു്, തിരുവനന്തപുരത്തെ സെൻട്രൽ ലൈബ്രറിയോ, ഭാഷാ ഇൻസ്റ്റിററ്യൂട്ട് ലൈബ്രറിയോ, തൃശ്ശൂരിലെ സാഹിത്യഅക്കാദമി ലൈബ്രറിയോ കേരളത്തിലെ 'ഡെപ്പോസിററ് ലൈബ്രറി' ആയി പ്രഖ്യാപിക്കാവുന്നതാണ്. ഇതനുസരിച്ച് അപ്പോഴപ്പോൾ അയച്ചു കിട്ടുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും സംഭരിക്കാനും സൂക്ഷിക്കാനും അവയുടെ കാററലോഗ് തയ്യാറാക്കാനും ആവശ്യക്കാർക്ക് അവ ഉപയോഗിക്കുവാനുള്ള സൗകര്യമുണ്ടാക്കാനുംവേണ്ട സംവിധാനങ്ങൾ കേരളസർക്കാർ ഉണ്ടാക്കണം.

ഇപ്പോൾത്തന്നെ കേരളത്തിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളും ആനുകാലികങ്ങളും തിരുവനന്തപുരത്തു സെക്രട്ടറിയേററിലുള്ള പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽ അയച്ചുകിട്ടുന്നുണ്ട്. ഇവ പക്ഷേ, സൂക്ഷിച്ചുവെക്കപ്പെടുന്നില്ല; കണ്ടവർ കണ്ടവർ വേണ്ടതു് എടുത്തുകൊണ്ടു പോകുന്നു. ഇവിടെ കിട്ടുന്ന പുസ്തകങ്ങളെങ്കിലും ഒരു പ്രത്യേക റഫറൻസ് ലൈബ്രറിയായി ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ സൂക്ഷിക്കണമെന്നു് ഞാൻ ഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടർ ആയിരുന്ന കാലത്തു്, കേരളസർക്കാരിനോടു് അപേക്ഷിച്ചിരുന്നു. സർക്കാർ ഈ അപേക്ഷ അംഗീകരിക്കുകയും പബ്ളിക് റിലേഷൻസ് വകപ്പിൽ കിട്ടുന്ന എല്ലാ പുസ്തകങ്ങളും ഭാഷാ ഇൻസ്റ്റിററ്യൂട്ടിലേക്ക് അയയ്ക്കണമെന്നു് ഒരു സർക്കാർ ഉത്തരവിലൂടെ (ജി. ഒ. വിലൂടെ) നിർദേശിക്കുകയുംചെയ്തു. പക്ഷേ, ഈ ഉത്തരവു് നടപ്പിൽവരുകയുണ്ടായില്ല; ആർക്കും വേണ്ടാത്ത ചില പുസ്തകങ്ങൾ മാത്രമേ ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ എത്തിച്ചേർന്നുള്ളു. ഈ അനുഭവത്തിൽനിന്നു് ഒരു പാഠം പഠിക്കാൻ തയ്യാറുള്ള പക്ഷം, മലയാളത്തിൽ മേലിലെങ്കിലും അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളും പ്രധാനപ്പെട്ട ഏതാനും ആനുകാലികങ്ങളും അടങ്ങുന്ന ഒരു റഫറൻസ് ലൈബ്രറി ക്രമേണ പടുത്തുയർത്തുവാൻ നമുക്കു കഴിയും. മററു ഭാഷാപ്രദേശങ്ങളിലും അതാതു ഭാഷകളിൽ ഇത്തരം ഗ്രന്ഥ—ആനുകാലിക—ശേഖരങ്ങൾ നിർമിക്കാവുന്നതാണ്.

ഇവയ്ക്കു പുറമേ, തമിഴ്, മലയാളം, കന്നഡം, തെലുങ്ക്, തുളു എന്നീ ദക്ഷിണേന്ത്യൻ ഭാഷകൾക്കുള്ള കേന്ദ്രഡെപ്പോസിററ് ലൈബ്രറിയായി മദ്രാസിലെ കണ്ണിമാറ പബ്ളിക് ലൈബ്രറി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്? ബോംബെ, ഡൽഹി, കൽക്കട്ട എന്നീ സ്ഥലങ്ങളിലെ മററു മൂന്നു കേന്ദ്രലൈബ്രറികളും അതാതു പ്രദേശങ്ങളിലെ ഭാഷകളിലെ പുസ്തകങ്ങളും മററു പ്രസിദ്ധീകരണങ്ങളും സംഭരിക്കാൻ ഉപയോഗപ്പെടുത്താം. സംസ്കൃതം, അറബിക്, പേർഷ്യൻ, സിന്ധി മുതലായ പ്രാദേശികങ്ങളല്ലാത്ത ഭാഷകളിലും, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഔദ്യോഗികഭാഷകളിലുമുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും ഡൽഹിയിലെ കേന്ദ്രഗ്രന്ഥാലയത്തിൽ സംഭരിക്കാവുന്നതാണ്.

ഇതോടൊപ്പം 'നാഷണൽ ബിബ്ളിയോഗ്രാഫി' തയ്യാറാക്കുന്ന

പ്രവർത്തനം ഊർജിതപ്പെടുത്തുകയും വേണം. ബിബ്ളിയോഗ്രാഫി തയ്യാറാക്കിക്കഴിഞ്ഞ മലയാളത്തിലും, അതിൽ വിട്ടുപോയവ കൂട്ടിച്ചേർക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരണം; അതാതു വർഷത്തെ പ്രസിദ്ധീകരണങ്ങളുടെ പൂർണവിവരം അടുത്ത വർഷത്തിൽത്തന്നെ ലഭ്യമാക്കുവാനും സാധിക്കണം. കേന്ദ്രഗവണ്മെൻറാണ് ഈ പ്രവർത്തനത്തിനു് ഉത്തരവാദപ്പെട്ടിരിക്കുന്നതു്.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ നടക്കുന്നില്ലെങ്കിൽ, സ്ഥിതി എന്തായിരിക്കും? സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് പ്രസിദ്ധീകരിച്ച മിക്ക ഇന്ത്യൻ പുസ്തകങ്ങളും ലണ്ടനിൽ, ബ്രിട്ടീഷ് മ്യൂസിയത്തിലും ഇന്ത്യാ ഓഫീസ് ലൈബ്രറിയിലും, ലഭ്യമായിരിക്കെ, സ്വാതന്ത്ര്യഭാരതത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളെപ്പററി അറിയുവാൻ നമുക്ക് ഒരു മാർഗവുമില്ലെന്ന നിലയാണ് അപ്പോൾ വന്നുകൂടുക. തീർച്ചയായും ഈ സ്ഥിതി നമുക്ക് അഭിമാനകരമായിരിക്കുകയില്ല. അടിയന്തിരപ്രാധാന്യമുള്ള ഈ വിഷയത്തിൽ പുസ്തകപ്രേമികളുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

(17 മാർച്ച്, 1984)

# 73. വികസനോന്മുഖ പത്രപ്രവർത്തനം

മലയാളത്തിലെ വികസനോന്മുഖ പത്രപ്രവർത്തനത്തിനു് അയ്യായിരം രൂപയുടെ ഒരു അവാർഡ് കേരളസർക്കാർ ഈ വർഷംമുതൽ ഏർപ്പെടുത്തിയിട്ടുണ്ടു്. 1983 ഓഗസ്റ്റ് 9, 10, 11 തീയതികളിലെ 'മലയാള മനോരമ' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച 'വെളിച്ചം തേടുന്നവർ' എന്ന ഫീച്ചർ എഴുതിയ ശ്രീ ജോജി. ടി. സാമുവലാണ് ഈ അവാർഡിനുവേണ്ടി ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ മാത്രമേ ഈ ആണ്ടിൽ അവാർഡിനായി പരിഗണിച്ചിട്ടുള്ളു. അടുത്തവർഷംമുതൽ വാരികകളിലെ ലേഖനങ്ങൾക്കും പരിഗണന നൽകുന്നതായിരിക്കും. മലയാളത്തിലെ പത്രപ്രവർത്തനത്തെ കൂടുതൽ ഫലപ്രദവും അർത്ഥപൂർണവുമാക്കുന്നതിനു സർക്കാർ നല്കുന്ന ഈ പ്രോത്സാഹനം ഉപകരിക്കുമെന്നു പ്രതീക്ഷിക്കാം.

എന്താണു വികസനോന്മുഖ പത്രപ്രവർത്തനം? പൊതുവിൽ കരുതപ്പെടുംപോലെ പഞ്ചവത്സരപദ്ധതിയിലോ, ഇരുപതിനപരിപാടിയിലോ മററേതെങ്കിലും സ്കീമിലോ പെടുത്തി സർക്കാർ നടപ്പിൽ വരുത്തുന്ന ക്ഷേമപ്രവർത്തനങ്ങളുടെ വിവരണവും വിലയിരുത്തലും വികസനോന്മുഖ പത്രപ്രവർത്തനത്തിൽ ഉൾപ്പെടുമെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, അതുമാത്രമാണു വികസനോന്മുഖ പത്രപ്രവർത്തനമെന്ന ധാരണ, ഈ അവാർഡിനുള്ള അർഹത നിർണയിക്കുന്ന കേരള പ്രസ്സ് അക്കാദമിക്ക് ഇല്ലെന്നു് ഈയാണ്ടിലെ അവാർഡ്നിർണയം തെളിയിക്കുന്നുണ്ടു്. ശ്രീ സാമുവലിൻെറ 'വെളിച്ചം തേടുന്നവർ' എന്ന ഫീച്ചർ സർക്കാരിൻെറ ഏതെങ്കിലും ക്ഷേമപ്രവർത്തനത്തെ ആസ്പദിച്ചുള്ളതായിരുന്നില്ല. നമ്മുടെ നാട്ടിലെ വലിയൊരു മാനുഷിക പ്രശ്നമായ അന്ധതയുടെ ചില സാമൂഹ്യവശങ്ങളെ വിശദീകരിക്കുകയും, ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ബഹുജനങ്ങളെ കർമോന്മുഖരാക്കുകയും ആയിരുന്നു ശ്രീ സാമുവലിൻെറ ലക്ഷ്യം. കോർണിയ എന്ന നേത്രാവയവത്തിനു കേടുവന്നതുകൊണ്ടുമാത്രം കാഴ്ച നഷ്ടപ്പെട്ടവരാണു നമ്മുടെ നാട്ടിലെ അന്ധരിൽ വലിയൊരു ഭാഗം.